

അല്ലാഹുവിനുവേണ്ടി നാടും വീടും ഉറ്റവരെയും ഉടയവരെയും ത്യജിച്ച് ബഹിഷ്കൃതനും നിസ്സഹായനുമായി പലായനം ചെയ്യുകയായിരുന്നു ഇബ്റാഹീം. പരീക്ഷണങ്ങളെല്ലാം വിജയകരമായി തരണം ചെയ്തശേഷം അല്ലാഹു അദ്ദേഹത്തിന് ഇസ്മാഈൽ എന്ന പുത്രനെ പ്രദാനം ചെയ്തു. അനന്തരം ഇസ്ഹാഖിനെ നൽകി. ഈ പുത്രന്മാരിലൂടെ ലോകത്ത് ഇന്നും നിലനിൽക്കുന്ന രണ്ടു മഹാസമുദായങ്ങളുണ്ടായി. രണ്ടു സമുദായങ്ങളിലും മഹാന്മാരും പുണ്യാത്മാക്കളുമായ പ്രവാചകവര്യന്മാരുണ്ടായി.

## ഖുർആൻ ബോധനം


▸ എ.വൈ.ആർ


### സൂറ – 21

# അൽഅമ്പിയാഅ്

**72.** ഇബ്റാഹീമിന് നാം ഇസ്ഹാഖിനെ സമ്മാനിച്ചു; അധികമായി യഅ്ഖൂബിനെയും. എല്ലാവരെയും സജ്ജനവുമാക്കി.

وَوَهَبْنَا لَهُۥٓ إِسْحَـٰقَ وَيَعْقُوبَ نَافِلَةً ۖ وَكُلًّا جَعَلْنَا صَـٰلِحِينَ ﴿٧٢﴾

**73.** അവരെ നമ്മുടെ ആജ്ഞാനുസാരം ജനത്തെ നയിക്കുന്ന ആചാര്യന്മാരുമാക്കി. നന്മകൾ ചെയ്യാനും നമസ്കാരം മുറപ്രകാരം നിലനിറുത്താനും സക്കാത്തു നൽകാനും ദിവ്യസന്ദേശം നൽകുകയും ചെയ്തു. അവരൊക്കെയും നമുക്കു വഴിപ്പെട്ടു വാണവരായിരുന്നു.

وَجَعَلْنَـٰهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا وَأَوْحَيْنَآ إِلَيْهِمْ فِعْلَ ٱلْخَيْرَٰتِ وَإِقَامَ
ٱلصَّلَوٰةِ وَإِيتَآءَ ٱلزَّكَوٰةِ ۖ وَكَانُوا۟ لَنَا عَـٰبِدِينَ ﴿٧٣﴾

**72,73**

وَوَهَبْنَا لَهُۥٓ إِسْحَـٰقَ = നാം അദ്ദേഹത്തിന് ഇസ്ഹാഖിനെ സമ്മാനിച്ചു وَيَعْقُوبَ نَافِلَةً ۖ = അധികമായി യഅ്ഖൂബിനെയും

وَكُلًّا جَعَلْنَا = എല്ലാവരെയും നാം ആക്കി صَـٰلِحِينَ = സജ്ജനം

وَجَعَلْنَـٰهُمْ أَئِمَّةً = നാം അവരെ നായകന്മാർ (ആചാര്യന്മാരും) ആക്കി

يَهْدُونَ بِأَمْرِنَا = നമ്മുടെ ആജ്ഞാനുസാരം (ജനത്തെ) നയിക്കുന്ന وَأَوْحَيْنَآ إِلَيْهِمْ = നാം അവർക്കു ദിവ്യ സന്ദേശം നൽകി

فِعْلَ ٱلْخَيْرَٰتِ = നന്മകളുടെ പ്രവർത്തനം (നല്ലതു ചെയ്യാൻ) وَإِقَامَ ٱلصَّلَوٰةِ = നമസ്കാരം മുറപ്രകാരം നിലനിർത്താനും

وَإِيتَآءَ ٱلزَّكَوٰةِ ۖ = സകാത്തു നൽകാനും

وَكَانُوا۟ لَنَا عَـٰبِدِينَ = അവർ നമ്മുടെ ആരാധകർ(നമുക്ക് വഴിപ്പെട്ടു വാണവരും) ആയിരുന്നു

**അ**ഗ്നിയിലെറിയപ്പെട്ടിട്ടും ചഞ്ചലമാവാത്ത വിശ്വാസ ദാർഢ്യത്തിനും നിഷ്ക്കളങ്കമായ ദൈവഭക്തിക്കും, ഇബ്റാഹീം നബിക്ക് അല്ലാഹു ഈ ലോകത്തു തന്നെ നൽകിയ മറ്റനുഗ്രഹങ്ങൾ പരാമർശിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ പത്നി സാറ വന്ധ്യയായിരുന്നു. രണ്ടു പേർക്കും അനപത്യ ദുഃഖമുണ്ടായിരുന്നു. സാറയെ അദ്ദേഹം സ്വന്തം നാട്ടിൽ വെച്ച് തന്നെ വിവാഹം ചെയ്തിരുന്നുവെന്നും അവർ അദ്ദേഹത്തിന്റെ പിതൃവ്യ പുത്രിയായിരുന്നുവെന്നും നാട്ടിൽനിന്ന് പലായനം ചെയ്യുമ്പോൾ കൂടെ ഭാര്യയുമുണ്ടായിരുന്നുവെന്നുമാണ് ചില കഥകളിൽ കാണുന്നത്. സാറ പിതൃവ്യപുത്രിയല്ല, ഇബ്റാഹീ(അ)മിന്റെ പിതാവിന്ന് മറ്റൊരു ഭാര്യയിലുണ്ടായ സഹോദരിയാണ് എന്നും പ്രസ്താവമുണ്ട്. ഇത് ഏതായാലും വിശ്വസനീയമല്ല. നാടുവിട്ട ശേഷം ഹാറാനിൽ വെച്ചാണ് സാറയെ വിവാഹം ചെയ്തതെന്നും അവർ ഹാറാൻകാരിയാണെന്നും മറ്റു ചില കഥകളിൽ കാണുന്നു. ഇബ്റാഹീ(അ)മിന്റെ യാത്രകളെല്ലാം പത്നീ സമേതമായിരുന്നു. വയസ്സ് ഏറെയായിട്ടും

കുട്ടികളുണ്ടായില്ല. അദ്ദേഹം പുത്രലാഭത്തിനുവേണ്ടി അല്ലാഹുവിനോടു പ്രാർഥിച്ചതായും അല്ലാഹു വിവേകശാലിയായ പുത്രനെ നൽകിയതായും സൂറഃ *അസ്സ്വാഫ്ഫാത്ത്* 100-101 സൂക്തങ്ങൾ പറയുന്നുണ്ട്. ഈ കുട്ടിയെ പിന്നീട് അല്ലാഹു ബലിയർപ്പിക്കാൻ കൽപിച്ചതായും ഇബ്റാഹീം(അ) അതിനു തയാറായതായും പ്രസ്തുത സൂറഃ തുടർന്നുള്ള സൂക്തങ്ങളിൽ വ്യക്തമാക്കുന്നു. അനന്തരം 112-113 സൂക്തങ്ങളിൽ അല്ലാഹു ഇബ്റാഹീം(അ)മിന്ന് ഇസ്ഹാഖിന്റെ ജന്മസുവാർത്ത നൽകിയെന്നും, ഇരുവരെയും അനുഗ്രഹിച്ചുവെന്നും പ്രസ്താവിച്ചിരിക്കുന്നു. ഇസ്ഹാഖിന്റെ ജനനമാണ് ഇവിടെ അനുസ്മരിക്കുന്നത്. ഇസ്മാഈലി(അ)നെ നേരത്തെ *അൽബഖറ*, *ആലുഇംറാൻ*, *അന്നിസാഅ്*, *അൻആം*, *ഇബ്റാഹീം*, *മർയം* സൂറഃകളിൽ പരാമർശിച്ചിട്ടുണ്ട്. ഈ സൂറഃ 85-ാം സൂക്തത്തിലും അദ്ദേഹം പരാമർശിക്കപ്പെട്ടിരിക്കുന്നു.

അല്ലാഹുവിനുവേണ്ടി നാടും വീടും ഉറ്റവരെയും ഉടയവരെയും ത്യജിച്ച് ബഹിഷ്കൃതനും നിസ്സഹായനുമായി പലായനം ചെയ്യുകയായിരുന്നു ഇബ്റാഹീം. പരീക്ഷണങ്ങളെല്ലാം വിജയകരമായി തരണം ചെയ്തശേഷം അല്ലാഹു അദ്ദേഹത്തിന് ഇസ്മാഈൽ എന്ന പുത്രനെ പ്രദാനം ചെയ്തു. അനന്തരം ഇസ്ഹാഖിനെ നൽകി. ഈ പുത്രന്മാരിലൂടെ ലോകത്ത് ഇന്നും നിലനിൽക്കുന്ന രണ്ടു മഹാസമുദായങ്ങളുണ്ടായി. രണ്ടു സമുദായങ്ങളിലും മഹാന്മാരും പുണ്യാത്മാക്കളുമായ പ്രവാചകവര്യന്മാരുണ്ടായി. ഇസ്മാഈലി പരമ്പരയിലാണ്, മനുഷ്യർക്കാകമാനമായി നിയുക്തനായ അന്ത്യ പ്രവാചകൻ മുഹമ്മദ് നബി(സ) ഭൂജാതനായത്. ഇസ്ഹാഖും പ്രവാചകനായിരുന്നു. അദ്ദേഹത്തിന്റെ പുത്രൻ യഅ്ഖൂബിന്നും പ്രവാചകത്വം ലഭിച്ചു. യഅ്ഖൂബിന്റെ പുത്രൻ യൂസുഫും പ്രവാചകനായിരുന്നു. അതിനുശേഷം ഈസാ(അ) വരെ ആ പരമ്പരയിൽ നിരവധി പ്രവാചകന്മാർ ആഗതരായി. ഇസ്ഹാഖിനെ നാം സമ്മാനിച്ചു-وَوَهَبْنَا لَهُۥٓ إِسْحَٰقَ എന്ന് പറഞ്ഞത് ശ്രദ്ധേയമാണ്. ഇസ്ഹാഖ് ജനിക്കുമ്പോൾ സാറക്ക് 90 വയസ്സായിരുന്നു. ഇബ്റാഹീം(അ) നൂറും പിന്നിട്ടിരുന്നു. ഈ പ്രായത്തിൽ സാധാരണ ഗതിയിൽ അവർ രണ്ടുപേരും സന്താനോൽപാദനം പ്രതീക്ഷിക്കുന്നവരായിരുന്നില്ല. ഇസ്ഹാഖ് അവർക്കു ലഭിച്ച ഒരു സമ്മാനം തന്നെയായിരുന്നു. ആവശ്യമുള്ളതിനെക്കാൾ അല്ലെങ്കിൽ ചോദിച്ചതിനെക്കാൾ കൂടുതൽ ലഭിക്കുന്നതാണ് نافلة. നിർബന്ധ നമസ്കാരത്തിനുപുറമെ നിർവഹിക്കുന്ന അധിക നമസ്കാരത്തെ نفل എന്നുപറയും. ഇവിടെ യഅ്ഖൂബ് നബിയെ نافلة എന്നു വിശേഷിപ്പിച്ചത് രണ്ട് അർഥത്തിലാവാം. ഒന്ന്, ഇബ്റാഹീം(അ) പുത്രനെ ആശിച്ചപ്പോൾ അദ്ദേഹത്തിന് പുത്രനു പുറമെ പൗത്രനെയും നൽകി. രണ്ട്, ഇസ്ഹാഖ്(അ)ന്റെ ഭാര്യ ഒറ്റ പ്രസവത്തിൽ രണ്ടു കുട്ടികളെ പ്രസവിക്കുകയായിരുന്നു. ഒന്ന് യേശാവും രണ്ടാമത്തേത് യഅ്ഖൂബും. യേശാവാണ് ആദ്യം പുറത്തുവന്ന കുട്ടി. സാധാരണഗതിയിലുള്ള കുട്ടി യേശാവായിരുന്നു. അതിനുശേഷം അധികമായി ജനിച്ച കുട്ടിയാണ് യഅ്ഖൂബ്. മറ്റൊരു വ്യാഖ്യാനം ഇപ്രകാരമാണ്: സീമന്ത പുത്രൻ ഇസ്മാഈലിനെ അല്ലാഹു ഇബ്റാഹീമിന്റെ(അ) പ്രാർഥനക്ക് ഉത്തരമായി നൽകിയതാണ്. ഇസ്ഹാഖിനെയും യഅ്ഖൂബിനെയും അധികമായി സമ്മാനിച്ചതാകുന്നു. ഈ സന്തതികളിലൂടെ പ്രവാചകന്മാരുടെ ഒരു പരമ്പര നിലവിൽ വരികയും അവർ സമുദായങ്ങൾക്ക് നേതൃത്വവും മാർഗദർശനവും നൽകുകയും ചെയ്തതിനെയാണ് وَجَعَلْنَٰهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا എന്ന വാക്യം സൂചിപ്പിക്കുന്നത്. ഈ പ്രവാചകന്മാർക്കെല്ലാം നന്മകൾ ചെയ്യാനും നമസ്കാരം നിലനിർത്തുവാനും സകാത്തു നൽകാനും ദിവ്യസന്ദേശം നൽകി എന്നു പ്രത്യേകം എടുത്തുപറയുന്നതിലൂടെ ഈ ഖുർആൻ പ്രബോധനം ചെയ്യുന്ന കാര്യങ്ങൾ തന്നെയാണ് അവരും പ്രബോധനം ചെയ്തതെന്ന് അവിശ്വാസികളെ ഓർമിപ്പിക്കുകയാണ്. എല്ലാ പ്രവാചകന്മാരും ഏകദൈവ വിശ്വാസികളും അവന്റെ മാത്രം അടിമത്തത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവരും അവൻ അനുശാസിച്ച ധർമങ്ങൾ പാലിക്കുന്നവരുമായിരുന്നു. ഈ ചരിത്ര യാഥാർഥ്യം മുന്നിൽവെച്ചുകൊണ്ടാണ് നിങ്ങൾ സ്വന്തം നിലപാട് പരിശോധിക്കേണ്ടത്.

സാറയുടെ വിയോഗശേഷം ഇബ്റാഹീം(അ) ഖത്തൂറാ എന്ന പേരുള്ള ഒരു സ്ത്രീയെ വേൾക്കുകയുണ്ടായി. അതിലും ആറു കുട്ടികളുണ്ടായെന്നും അവർക്കും സന്തതി പരമ്പരകളുണ്ടായെന്നും ബൈബിൾ പറയുന്നുണ്ട്. ഖുർആൻ പക്ഷേ അവരെ പരാമർശിക്കുന്നില്ല. അതൊരു പക്ഷേ ചരിത്രത്തിൽ അവർ അപ്രസക്തരായതുകൊണ്ടാവാം. അല്ലെങ്കിൽ ഇബ്റാഹീ(അ)മിന്റെ പുനർവിവാഹവും സന്താനലബ്ധിയും കെട്ടുകഥയായതുകൊണ്ടുമാകാം. ഇബ്റാഹീം നബി(അ) ജനിച്ചുവളർന്നത് ഇറാഖിലെ ഊർ പട്ടണത്തിലാണെന്ന് പൊതുവിൽ കരുതപ്പെടുന്നു. ഇത് ഏകദേശം നാലായിരം വർഷങ്ങൾക്കു മുമ്പാണ്. ഇബ്റാഹീം നബിയുടെ കാലത്ത് ഊറിലെ രാജാവ് നിംറോദ് ആയിരുന്നുവെന്നാണ് പ്രചാരത്തിലുള്ള കഥ. എന്നാൽ ഈ നിംറോദിനെ ചരിത്രകാരന്മാർ കണ്ടെത്തിയിട്ടില്ല. ഇബ്റാഹീമിന്റെ(അ) കാലം ബി.സി 16-17 നൂറ്റാണ്ടിലായിരുന്നുവെന്നും അദ്ദേഹം ഹമ്മുറബിയുടെ സമകാലീനനാണെന്നും ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഇറാഖിലെ ഫദ്ദാം-നൂറാം പ്രദേശത്തുള്ള കൂഥിൽ ആണ് ഇബ്റാഹീം(അ) ജനിച്ചുവളർന്നതെന്നും പ്രസ്താവമുണ്ട്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് 'തേരഹ്' എന്നാണ് ബൈബിൾ പറയുന്നത്. ഖുർആൻ ഇബ്റാഹീമിന്റെ പിതാവിനെ ആസർ (آزر) എന്നാണ് വിളിച്ചിരിക്കുന്നത്. ഇബ്റാഹീം(അ) 175 വർഷവും സാറാ 127 വർഷവും ജീവിച്ചുവെന്ന് വിശ്വസിക്കപ്പെടുന്നു. ഫലസ്തീൻ പ്രദേശത്തുള്ള നെഗബ് ദേശത്തും കാദേശിനും ശൂറിനും ഇടക്ക് ഹറാനിലും അവർ പാർത്തതായി ബൈബിൾ പറയുന്നു. മക്പോലായി എന്ന ദേശത്ത് ഹിത്യരിൽനിന്ന് ഇബ്റാഹീം(അ) വില കൊടുത്തു വാങ്ങിയ ഒരു വയലിലാണ് അദ്ദേഹവും ഭാര്യയും മറമാടപ്പെട്ടതെന്നും ബൈബിളിലുണ്ട്.

ഇബ്റാഹീം(അ)ന്റെ ജീവിത ചരിത്രത്തിൽ അദ്ദേഹത്തിന്റെ ദൗത്യവുമായി ഏറെ ബന്ധപ്പെട്ട സുപ്രധാന സംഭവങ്ങളാണ് രാജാവുമായുണ്ടായ സംവാദവും വിചാരണയും ശിക്ഷാവിധിയും അതു നടപ്പിലായതും അതിൽനിന്ന് രക്ഷപ്പെട്ടതുമെല്ലാം. ഇതിൽ അദ്ദേഹത്തിന്റെ ദേശത്യാഗം മാത്രമേ ബൈബിൾ പരാമർശിക്കുന്നുള്ളൂ. അതുതന്നെ ഉപജീവനാർഥമുള്ള ദേശാടനമെന്ന നിലയിലാണവതരിപ്പിക്കുന്നത്. ഖുർആന്റെ വിവരണത്തിൽ ഇബ്റാഹീം നബിക്കെതിരെ ആദ്യം ഭീഷണിയുയർത്തിയത് സ്വന്തം പിതാവായിരുന്നു. ബൈബിൾ പറയുന്നത് പിതാവ് ഇബ്റാഹീമിനെയും തന്റെ പൗത്രൻ ലൂത്വിനെയും പൗത്രി സാറയെയും ഹാറാനിൽ കൊണ്ടുവന്നു താമസിപ്പിച്ചുവെന്നാണ്. അഗ്നിയിൽ നിന്നു രക്ഷപ്പെട്ട ഇബ്റാഹീം(അ)നെ നിംറോദ് രാജാവ് അംഗീകരിച്ചതായും ഒരു അടിമ

ഉൾപ്പെടെ പല സമ്മാനങ്ങളും നൽകിയതായും അങ്ങനെ രണ്ടു കൊല്ലക്കാലം അദ്ദേഹം ആ നാട്ടിൽ താമസിച്ചതായും തൽമൂദ് പറയുന്നു. പിന്നീട് ഇബ്റാഹീം തന്റെ ജീവഹാനിക്ക് കാരണമാകുമെന്ന് ഏതോ ജോത്സ്യൻ രാജാവിനെ അറിയിച്ചു. അതു കേട്ട് രാജാവ് അദ്ദേഹത്തെ വധിക്കാൻ കൽപിച്ചു. അപ്പോഴാണ് അദ്ദേഹം നാടുവിട്ടത്. തൽമൂദിൽ ഇങ്ങനെയും കാണാം: ഇബ്റാഹീം ജനിക്കുംമുമ്പേ തേരഹിന്നു ജനിക്കാൻ പോകുന്ന കുഞ്ഞ് നിംറോദിന്റെ ജീവഹാനിക്ക് കാരണമാകുമെന്ന് ജോത്സ്യൻ രാജാവിനു മുന്നറിയിപ്പു നൽകിയിരുന്നു. ആ കുട്ടിയെ വധിക്കാൻ രാജാവ് ഉത്തരവിട്ടു. ഇബ്റാഹീമിന്റെ പിതാവ് പക്ഷേ തന്റെ ഭൃത്യന്റെ കുഞ്ഞിനെയാണ് വധിക്കാൻ കൊടുത്തത്. ഇബ്റാഹീമിനെയും മാതാവിനെയും പത്തു വർഷം ഗുഹയിലൊളിപ്പിച്ചു. പിന്നെ അദ്ദേഹം നൂഹ് നബിയുടെ അടുത്തുപോയി താമസിച്ചു. അവിടെ വെച്ച് നൂഹ് നബിയുടെ സഹോദരന്റെ പുത്രി സാറയെ വിവാഹം ചെയ്തു. ബൈബിൾ പറയുന്നത് സാറാ ഇബ്റാഹീമിന്റെ സഹോദരപുത്രിയാണെന്നാണ്. അമ്പതാണ്ട് നൂഹ് നബിയുടെ അടുത്തു താമസിച്ചശേഷം അദ്ദേഹം സ്വദേശത്ത് തിരിച്ചെത്തി വിഗ്രഹാരാധനയെ എതിർക്കാൻ തുടങ്ങി. തുടർന്നാണ് ശിക്ഷാവിധിയും പലായനവുമുണ്ടായത്.

ഖുർആൻ പറയുന്നത് ഇബ്റാഹീം നബിയുടെ ദൈവിക ദൗത്യവുമായി ബന്ധപ്പെട്ട ചരിത്രമാണ്. അതിൽ പൊരുത്തക്കേടുകളില്ല. ധാർമികമോ സാംസ്കാരികമോ ആയ ദോഷങ്ങൾ അദ്ദേഹത്തിൽ ആരോപിക്കുന്നില്ല. പവിത്ര ജീവിതം നയിക്കുന്ന പ്രവാചകവര്യനെയാണ് ഖുർആൻ അവതരിപ്പിക്കുന്നത്. ഖുർആൻ ബൈബിൾ കഥകൾ പകർത്തി എന്ന ആരോപണത്തിന്റെ അർഥശൂന്യത വ്യക്തമാക്കുന്നതു കൂടിയാണ് രണ്ട് ഗ്രന്ഥങ്ങളുടെ ഇബ്റാഹീമി കഥകൾ തമ്മിലുള്ള വ്യത്യാസം. മൗലാനാ അബുൽ അഅ്ലാ മൗദൂദി തന്റെ *തഫ്ഹീമുൽ ഖുർആനിൽ* ഈ കാര്യങ്ങൾ കൂടുതൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ■

**74,75**

وَلُوطًا ءَاتَيْنَـٰهُ حُكْمًا وَعِلْمًا وَنَجَّيْنَـٰهُ مِنَ ٱلْقَرْيَةِ ٱلَّتِى كَانَت تَّعْمَلُ ٱلْخَبَـٰٓئِثَ ۗ إِنَّهُمْ كَانُوا۟ قَوْمَ سَوْءٍ فَـٰسِقِينَ ﴿٧٤﴾

74. ലൂത്വിനും, നാം തത്വ ബോധവും വിജ്ഞാനവും (പ്രവാചകത്വം) പ്രദാനം ചെയ്തിട്ടുണ്ടായിരുന്നു. അശ്ലീലതകൾ നടമാടിയ നാട്ടിൽ നിന്ന് അദ്ദേഹത്തെ മോചിപ്പിക്കുകയും ചെയ്തു. വാസ്തവത്തിൽ തീരെ ദുഷിച്ചുപോയ തെമ്മാടി സമുദായം തന്നെയായിരുന്നു അവർ.

وَأَدْخَلْنَـٰهُ فِى رَحْمَتِنَآ ۖ إِنَّهُۥ مِنَ ٱلصَّـٰلِحِينَ ﴿٧٥﴾

75. ലൂത്വിന് നമ്മുടെ കാരുണ്യത്തിൽ പ്രവേശനമരുളി. അദ്ദേഹം തീർച്ചയായും സജ്ജനഗണത്തിലാകുന്നു.

وَلُوطًا = ലൂത്വിനും ءَاتَيْنَـٰهُ = നാം അദ്ദേഹത്തിനു നൽകി

حُكْمًا وَعِلْمًا = തത്വബോധവും വിജ്ഞാനവും (പ്രവാചകത്വം)

وَنَجَّيْنَـٰهُ = നാം അദ്ദേഹത്തെ മോചിപ്പിക്കുകയും ചെയ്തു مِنَ ٱلْقَرْيَةِ = ആ നാട്ടിൽനിന്ന്

ٱلَّتِى كَانَت تَّعْمَلُ ٱلْخَبَـٰٓئِثَ = നീചകൃത്യങ്ങൾ പ്രവർത്തിച്ചിരുന്നതായ (അശ്ലീലതകൾ നടമാടിയ)

إِنَّهُمْ كَانُوا۟ = തീർച്ചയായും (വാസ്തവത്തിൽ) അവർ ആയിരുന്നു

قَوْمَ سَوْءٍ فَـٰسِقِينَ = തെമ്മാടികളായ ദുഷിപ്പിന്റെ ജനം(തീരെ ദുഷിച്ചുപോയ തെമ്മാടി സമൂഹം തന്നെ)

وَأَدْخَلْنَـٰهُ = നാം അദ്ദേഹത്തിനു പ്രവേശനമരുളി فِى رَحْمَتِنَآ = നമ്മുടെ കാരുണ്യത്തിൽ

إِنَّهُۥ مِنَ ٱلصَّـٰلِحِينَ = തീർച്ചയായും അദ്ദേഹം സജ്ജന(ഗണ)ത്തിൽ പെട്ടവനാകുന്നു

നിയമം, വിധി, അധികാരം, തത്വജ്ഞാനം പ്രശ്നങ്ങളിൽ ശരിയായ തീരുമാനമെടുക്കാനുള്ള വൈഭവം തുടങ്ങിയ ആശയങ്ങൾ വഹിക്കുന്ന പദമാണ് حكم. ഇവിടെ ഉദ്ദേശ്യം, ദൈവിക നിയമമനുസരിച്ച് പ്രശ്നങ്ങളിൽ തീരുമാനമെടുക്കാനുള്ള വൈഭവമാകാം. علم കൊണ്ടുദ്ദേശ്യം ദിവ്യബോധനം മുഖേനയുള്ള ശരിയായ അറിവ് അല്ലെങ്കിൽ പ്രവാചകത്വം ആണ്. പ്രവാചകത്വം നൽകിയതിനെക്കുറിച്ച് ഖുർആൻ حكم ഉം علم ഉം നൽകി എന്നുപറയാറുണ്ട്. സദോമിലും പരിസര പ്രദേശങ്ങളിലുമായിരുന്നു ലൂത്വ്(അ) പ്രബോധനം നടത്തിയിരുന്നത്. സദോം വാസികളിലുണ്ടായിരുന്ന അശ്ലീലവൃത്തികളെയും അധാർമികതകളെയും കുറിച്ച് നേരത്തെ *അൽഅഅ്റാഫ്* 80-84, *ഹൂദ്* 69-83, *അൽഹിജ്റ്* 57-76 സൂക്തങ്ങളിൽ

വന്നിട്ടുണ്ട്. വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ വായിക്കാം. അധർമത്തിൽ അതിരു കവിഞ്ഞ ആ ജനതക്ക് ഉന്മൂലനാശം വന്നപ്പോൾ ലൂത്വ് നബിയെ അതിൽനിന്ന് രക്ഷിച്ച കാര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ലൂത്വ് നബിക്ക് പിൽക്കാല ജീവിതത്തിൽ ലഭിച്ച അനുഗ്രഹങ്ങളും പരലോകത്ത് ലഭിക്കാനിരിക്കുന്ന അനുഗ്രഹങ്ങളുമാണ് അല്ലാഹു അദ്ദേഹത്തിനരുളിയ കാരുണ്യ പ്രവേശം.

അധാർമികവും വൃത്തികെട്ടതുമാണ് خبائث. ഇതിന്റെ ഏകവചനം خبيث. മ്ലേഛതയും അശ്ലീലവുമാണ് سوأ. ലൂത്വ് ജനതയുടെ സ്വവർഗഭോഗ ഭ്രമം പോലുള്ള ആഭാസ നടപടികളെയാണ് ഈ പദങ്ങൾകൊണ്ട് ഇവിടെ സൂചിപ്പിക്കുന്നത്. ■

## 76

وَنُوحًا إِذْ نَادَىٰ مِن قَبْلُ فَٱسْتَجَبْنَا لَهُۥ فَنَجَّيْنَـٰهُ وَأَهْلَهُۥ مِنَ ٱلْكَرْبِ ٱلْعَظِيمِ ﴿٧٦﴾

**76.** നൂഹിനെയും നാം അനുഗ്രഹിച്ചിട്ടുണ്ടായിരുന്നു. മുൻചൊന്ന പ്രവാചകന്മാർക്കു മുന്നേ അദ്ദേഹം പ്രാർഥിച്ചതോർക്കുക. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരമരുളി. അദ്ദേഹത്തെയും കൂട്ടരെയും മഹാദുരിതത്തിൽനിന്ന് രക്ഷിച്ചു.

| | |
|---|---|
| وَنُوحًا = നൂഹിനെയും (നാം അനുഗ്രഹിച്ചിട്ടുണ്ടായിരുന്നു) | إِذْ نَادَىٰ = അദ്ദേഹം വിളി(പ്രാർഥി)ച്ചതോർക്കുക |
| مِن قَبْلُ = (മുൻചൊന്ന പ്രവാചകന്മാർക്കു)മുന്നേ | فَٱسْتَجَبْنَا لَهُۥ = അപ്പോൾ നാം അദ്ദേഹത്തിനു ഉത്തരമരുളി |
| فَنَجَّيْنَـٰهُ = അങ്ങനെ നാം അദ്ദേഹത്തെ രക്ഷിച്ചു | وَأَهْلَهُۥ = അദ്ദേഹത്തിന്റെ കുടുംബത്തെ(കൂട്ടരെ)യും |
| مِنَ ٱلْكَرْبِ ٱلْعَظِيمِ = മഹാദുരിതത്തിൽനിന്ന് | |

وَنُوحًا -നൂഹിനെയും- എന്ന കർമത്തിന്റെ ക്രിയയും കർത്താവും ഇവിടെ പറഞ്ഞിട്ടില്ല. അത് 'നാം അനുഗ്രഹിച്ചിട്ടുണ്ടായിരുന്ന' അല്ലെങ്കിൽ 'ദുഷ്ട ജനത്തിൽനിന്ന് രക്ഷിച്ചിട്ടുണ്ടായിരുന്ന' എന്നാണെന്നു വചന സന്ദർഭത്തിൽനിന്നു വ്യക്തമാകുന്നു. നൂഹ് നബി ആയിരത്തോളം കൊല്ലം സത്യപ്രബോധനം നടത്തിയിട്ടും ജനങ്ങളിൽ ഒട്ടും മാനസാന്തരമുണ്ടായില്ല. പരിഹാസവും പീഡനവും മാത്രമാണ് അവരിൽനിന്നദ്ദേഹത്തിനു ലഭിച്ചത്. ഒടുവിൽ ആ ജനതയുടെ സന്മാർഗ പ്രാപ്തിയിൽ പൂർണമായി നിരാശപ്പെട്ട പ്രവാചകൻ നടത്തിയ പ്രാർഥനയാണ് ഇവിടെ സൂചിപ്പിക്കുന്ന نداء. നിദാഇന്റെ ഭൂതകലാക്രിയാരൂപമാണ് نادى. ഈ പ്രാർഥന സൂറഃ *നൂഹ്* 26-28 സൂക്തങ്ങളിൽ ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു:

وَقَالَ نُوحٌ رَّبِّ لَا تَذَرْ عَلَى ٱلْأَرْضِ مِنَ ٱلْكَـٰفِرِينَ دَيَّارًا ﴿٢٦﴾ إِنَّكَ إِن تَذَرْهُمْ يُضِلُّوا۟ عِبَادَكَ وَلَا يَلِدُوٓا۟ إِلَّا فَاجِرًا كَفَّارًا ﴿٢٧﴾ رَّبِّ ٱغْفِرْ لِى وَلِوَٰلِدَىَّ وَلِمَن دَخَلَ بَيْتِىَ مُؤْمِنًا وَلِلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ وَلَا تَزِدِ ٱلظَّـٰلِمِينَ إِلَّا تَبَارًۢا ﴿٢٨﴾

(നൂഹ് പ്രാർഥിച്ചു: നാഥാ, ഈ സത്യനിഷേധികളിലാരെയും ഈ ഭൂമിയിൽ അധിവസിക്കാൻ വിടരുതേ! വിട്ടാൽ നിന്റെ ദാസന്മാരെ അവർ വഴിതെറ്റിക്കും. കൊടുംപാപികളെയും കൊടിയ സത്യനിഷേധികളെയുമല്ലാതെ അവർ ജനിപ്പിക്കുന്നില്ല. നാഥാ, എനിക്കും മാതാപിതാക്കൾക്കും വിശ്വാസികളായി എന്റെ വീട്ടിലെത്തിയവർക്കും സത്യവിശ്വാസികളായ മറ്റെല്ലാ സ്ത്രീപുരുഷന്മാർക്കും പാപമുക്തിയരുളേണമേ! ധർമധിക്കാരികൾക്ക് നാശമല്ലാതൊന്നും വളർത്തരുതേ).

ക്ലേശവും പീഡാവസ്ഥയും പ്രതിസന്ധിയുമൊക്കെയാണ് كرب. ജനത്തിന്റെ ധിക്കാരവും പരിഹാസവും ഒടുവിൽ അതിന്റെ പേരിൽ നാടിനു നേരിട്ട മഹാനാശവുമാണിവിടെ സൂചിപ്പിക്കുന്നത്. اهل സാമാന്യ അർഥത്തിൽ കുടുംബമാണെങ്കിലും അനുയായികൾ (ഇന്നത്തെ ഭാഷയിൽ പാർട്ടിക്കാർ) ശിഷ്യന്മാർ, സഖാക്കൾ തുടങ്ങിയ ആശയങ്ങളെയും അത് ഉൾക്കൊള്ളുന്നുണ്ട്. നൂഹ് നബിയുടെ കുടുംബവും അനുയായികളുമാണ് ഇവിടെ ഉദ്ദേശ്യം. ■

Matrimonial

ഉദ്യോഗസ്ഥ ദമ്പതികളുടെ മകൾ (22/161 cm). MBBS Final year. MBBS/PG Degreeയുള്ള ദീനീനിഷ്ഠരായ യുവാക്കളുടെ രക്ഷിതാക്കൾ ബന്ധപ്പെടുക. പാലക്കാട്/മലപ്പുറം ജില്ലക്കാർക്ക് മുൻഗണന.

+917025853940